LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 ഫെബ്രുവരി 28, തിങ്കൾ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2000 ഫെബ്രുവരി മാസം 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 151

തിരുവനന്തപുരം ആർ.സി.സി. യിലെ ആധുനിക ചികിത്സാ സംവിധാനങ്ങൾ

1 (*151)ശ്രീ. രാജു എബ്രഹാം :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആർ.സി.സി.യിൽ രോഗനിർണ്ണയവും ചികിത്സയും മികവുറ്റതാക്കാൻ എന്തെങ്കിലും ആധുനിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആർ.സി.സി.യിൽ ഏതൊക്കെ രോഗ നിർണ്ണയത്തിനാണ് ആധുനിക സംവിധാനം ഉപയോഗിച്ചുവരുന്നതെന്നു വെളിപ്പെടുത്തുമോ;

(സി) ആർ.സി.സി.യിൽ ലഭ്യമാക്കിയിട്ടുള്ള ആധുനിക ചികിത്സാ രീതികൾ ആർ.സി.സി.ക്കു പുറത്തുള്ള രോഗികൾക്കു കൂടി ലഭ്യമാക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(ഇ) ആർ.സി.സി.യിൽ ആധുനിക ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് രോഗികളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ,

(എ) ഉണ്ട്, സി.ടി. സ്കാനർ, ഗാമാ ക്യാമറ, മാമോഗ്രാം, ഡോപ്ളർ സ്കാനർ, കോൾപോസ്കോപി, വീഡിയോ എൻഡോസ്കോപ്പി, ഫ്രൈകെ മിസ്ട്രി അനലൈസർ, ഇമ്മ്യൂണോഹിസ്റ്റോ കെമിസ്ട്രി, അത്യാധുനിക സൗകര്യങ്ങളുള്ള പത്തോളജി ലബോറട്ടറി, ക്രോമസോം അനാലിസിസ്, ബ്ലഡ് ഗ്യാസ് അനലൈസർ തുടങ്ങി രോഗനിർണ്ണയത്തിനാവശ്യമായ അത്യാധുനിക സൗകര്യങ്ങൾ ആർ.സി.സി.യിൽ ഒരുക്കിയിട്ടുണ്ട്.

റേഡിയോതെറാപ്പി, ശസ്ത്രക്രിയ, കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, ഫോട്ടോ ഡൈനാമിക് തെറാപ്പി എന്നീ ചികിത്സാ സൗകര്യങ്ങളും ആർ.സി.സി.യിൽ നിലവിലുണ്ട്.

(ബി) ക്യാൻസർ രോഗനിർണ്ണയത്തിനുപുറമെ, രക്തകോശങ്ങൾ, തൈറോയിഡ് രോഗങ്ങൾ, ക്രോമസോം തകരാറുകൾ, ഹോർമോൺ തകരാറു കൊണ്ടുള്ള രോഗങ്ങൾ എന്നിവ കണ്ടുപിടിക്കാനും ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു.

(സി) ഇപ്പോൾ ആർ.സി.സി.ക്ക് പുറമേയുള്ള രോഗികൾക്ക് മേൽപ്പറഞ്ഞ സൗകര്യങ്ങളിൽ ചിലവ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) മെഡിക്കൽ കോളേജിലും മറ്റ് ഗവൺമെന്റ് ആശുപത്രികളിലും ലഭ്യമല്ലാത്ത പരിശോധനകൾക്കാണ് പുറത്തുള്ള രോഗികൾക്ക് ആർ.സി.സി. യിൽ പരിശോധനാ സൗകര്യം ലഭ്യമാക്കുന്നത്.

(ഇ) റീജിയണൽ ക്യാൻസർ സെന്ററിലെത്തുന്ന രോഗികളിൽ 60 ശതമാനത്തോളംപേർക്ക് മിക്ക പരിശോധനകളും സൗജന്യമാണ്. 20 ശതമാനം പേർക്ക് സൗജന്യ നിരക്കിലും 20 ശതമാനം പേർക്ക് പൂർണ്ണ നിരക്കിലും ഈ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

ഫീസ് നിരക്കുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മി.സ്പീക്കർ : ശ്രീ. രാജു എബ്രഹാമിന്റെ ആതറൈസേഷനും ഉണ്ട്.

ശ്രീ. പി. വിശ്വൻ : ആധുനിക സംവിധാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദമായി പറയുകയുണ്ടായി. എന്നാൽ ഈ ആധുനിക സംവിധാനം പാവപ്പെട്ടവർക്ക് ലഭിക്കുന്നില്ല എന്നുള്ള എന്തെങ്കിലും പരാതി ബഹുമാനപ്പെട്ട മന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ; ആ ആക്ഷേപം ഇല്ലാതാക്കാൻ സുതാര്യതയുണ്ടാക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. വി.സി. കബീർ : പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നില്ല എന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം പരാതികൾ ഉണ്ടെങ്കിൽ തീർച്ചയായും പരിഹരിക്കുന്നതാണ്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ : കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് തുടങ്ങി വടക്കു ഭാഗങ്ങളിൽ നിന്നും നിരവധി രോഗികൾ ആർ.സി.സി. ഒ.പി. വിഭാഗത്തിലേയ്ക്ക് വരുന്നുണ്ട്. വളരെ വലിയ പണച്ചെലവോടുകൂടിയാണ് അവർ വരുന്നത്. പലരും നാട്ടുകാർ പിരിവെടുത്ത് സഹായിച്ചിട്ടാണ് വരുന്നത്. അത്തരം രോഗികളെ വളരെ പെട്ടെന്ന് ചികിത്സിക്കാനുള്ള നടപടികൾ എടുക്കുന്നതിനുപകരം വേറൊരു ദിവസം വരാൻ പറയുകയാണ്. വീണ്ടും വരാൻ ആയിരക്കണക്കിന് രൂപ വേണ്ടിവരും. അത് മാറ്റിയെടുക്കാൻ കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ റീജിയണൽ ക്യാൻസർ കേന്ദ്രങ്ങൾ ആരംഭിച്ച് ചികിത്സയ്ക്ക് ഒരു കണ്ടിന്യുവേഷൻ ഉണ്ടാക്കാൻ ആവശ്യമായ നടപടികൾ ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. വി.സി. കബീർ : വടക്കൻ ജില്ലകളിൽ നിന്ന് രോഗികൾ പല പ്രാവശ്യം വരേണ്ടിവരുന്നുവെന്ന് പറയുകയുണ്ടായി. വലിയ തിരക്കാണ് ആർ.സി.സി.യിൽ അനുഭവപ്പെടുന്നത്. ഒരു ലക്ഷത്തോളം ആളുകൾ വർഷന്തോറും പരിശോധനയ്ക്കായി വരുന്നുണ്ട്. 10,000 പുതിയ രോഗികളെ രജിസ്റ്റർ ചെയ്യേണ്ടതായും വരുന്നുണ്ട്. ആ സാഹചര്യം പരിഗണിച്ച് ജില്ലാ കേന്ദ്രങ്ങൾ റീജിയണലായി തരംതിരിച്ച് ഇതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. പിരപ്പൻകോട് മുരളി : ക്യാൻസർ എന്നു പറയുന്നത് രോഗിയെ മാത്രമല്ല രോഗിയുടെ കുടുംബ ഭദ്രതയെ തകർക്കുന്ന മഹാരോഗമായതിനാൽ നിശ്ചിത വരുമാനത്തിൽ താഴെയുള്ളവർക്ക് ഔഷധങ്ങളടക്കം സൗജന്യ ചികിത്സ നൽകാനുള്ള സംവിധാനം ആർ.സി.സി.യിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. വി. സി. കബീർ : 1999-ൽ നാലുകോടി രൂപയുടെ സൗജന്യ ചികിത്സ നടത്തിയിട്ടുണ്ട്. 38 ലക്ഷം രൂപയുടെ ഔഷധങ്ങൾ സൗജന്യമായി കൊടുത്തു. ചെലവേറിയതാണ് ക്യാൻസർ ചികിത്സ. അത് അംഗീകരിച്ചാൽ മറ്റ് പോംവഴികൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ശ്രീ. പിരപ്പൻകോട് മുരളി : ക്യാൻസർ ബാധിക്കുന്നതിനു മുമ്പുതന്നെ തടയാൻ ആവശ്യമായ പ്രതിരോധ നടപടികൾ നിലവിലുണ്ടോ; അത് ഫലപ്രദമാണോ; ഇല്ലെങ്കിൽ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. വി.സി. കബീർ : ക്യാൻസർ രോഗം വരുന്നതിനെതിരെയുള്ള കാമ്പെയിൻ ശക്തിയായി കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആർ.സി.സി.യുടെ നേതൃത്വത്തിൽ എറണാകുളം, പാലക്കാട്, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആർ.സി.സി. നേരിട്ട് കണ്ണൂർ, കോഴഞ്ചേരി, കൊല്ലം എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. ക്യാൻസർ വരാതിരിക്കുന്നതിനെ സംബന്ധിച്ച് ബോധവൽക്കരണമല്ലാതെ മറ്റ് പോംവഴികളൊന്നും കണ്ടെത്തിയിട്ടില്ല.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : ചില ജില്ലാ കേന്ദ്രങ്ങളിൽ കോഴഞ്ചേരി ഉൾപ്പെടെയുള്ള സ്ഥലത്ത് ആർ.സി.സി. നേരിട്ട് നടത്തുന്ന ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങളുണ്ട്. അത് കൂടാതെ ജനറൽ ആശുപത്രികളിലും മറ്റ് ജില്ലാ ആശുപത്രികളിലും ഇതിനുള്ള സംവിധാനമുണ്ടാക്കാനുള്ള നടപടിയുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.സി. കബീർ : ഇക്കാര്യം ഞാൻ നേരത്തേ പറഞ്ഞു. അതു കൂടി പരിഗണിക്കുന്നുണ്ട്. വടക്കൻ ജില്ലകളിൽ നിന്നും വന്ന് പല പ്രവശ്യം പലയിടത്തും താമസിക്കേണ്ടിവരുന്നതും കൂടെ രണ്ടുമൂന്ന് ആളുകൾ വരേണ്ടി വരുന്നതുമെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ജില്ലാ കേന്ദ്രങ്ങളിൽ ഘട്ടംഘട്ടമായി പരിശോധനാ കേന്ദ്രം വ്യാപിപ്പിക്കാനും അതോടൊപ്പം സാന്ത്വന ചികിത്സ ആരംഭിക്കാനും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ആർ.സി.സി.യുടെ നേതൃത്വത്തിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന് പറയുകയുണ്ടായി. ആർ.സി.സി.യിൽ ലഭ്യമായിട്ടുള്ള പരിശോധനാ സംവിധാനമെല്ലാം അവിടെയും എർപ്പെടുത്തുമോ?

ശ്രീ. വി.സി. കബീർ : ഒന്നാം ഘട്ടത്തിന് ആവശ്യമായ സംവിധാനങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. അത് വിപുലീകരിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എളമരം കരീം : ആർ.സി.സി. യിലെ ചികിത്സാ സൗകര്യം ആധുനികവൽക്കരിക്കാനും മെച്ചപ്പെടുത്താനും ഭരണപരമായ കാര്യങ്ങളിൽ വിവിധ വകുപ്പുതലവന്മാരുടെ അഭിപ്രായം അറിയിക്കുന്നതിനുള്ള അവസരം ലഭിക്കുന്നില്ലായെന്ന് പരാതിയുണ്ട്. ആർ.സി.സി.യുടെ ഭരണസംവിധാനത്തിൽ വകുപ്പുതലവന്മാർക്കുകൂടി അഭിപ്രായം പറയാനുള്ള സംവിധാനം ഉണ്ടാകുമോ?

ശ്രീ. വി.സി. കബീർ : ആർ.സി.സി. യുടെ ഭരണത്തിൽ ഗവൺമെന്റ് നേരിട്ട് ഇടപെടേണ്ട ആവശ്യം വരുന്നില്ല. എങ്കിലും ഇതൊരു പ്രത്യേക കാര്യമായതുകൊണ്ടും പരിശോധിക്കപ്പെടേണ്ടതാണ് എന്നുള്ളതുകൊണ്ടും അതു സംബന്ധിച്ച് ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എളമരം കരീം : ആർ.സി.സി.യിൽ വരുന്ന രോഗികളിൽ വളരെ കൂടുതൽ പേരും വടക്കൻ കേരളത്തിൽനിന്ന് വരുന്നവരാണ്. ധാരാളം പണച്ചെലവും വേണ്ടിവരുന്നു. അതുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജു പോലുള്ള ആശുപത്രികളിൽ ക്യാൻസർ രോഗത്തിനുള്ള ചികിത്സ കൂറേക്കൂടിമെച്ചപ്പെടുത്തി പാവപ്പെട്ടവരെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : അദ്ദേഹം പറഞ്ഞത് ശരിയാണ്. അതിനെ സംബന്ധിച്ച് ഞാൻ നേരത്തെ മറുപടി പറഞ്ഞുകഴിഞ്ഞു. എം.എൽ.എ.മാർ ട്രെയിനിലൊക്കെ വരുന്നതുകൊണ്ട് വടക്കൻ ജില്ലകളിൽ നിന്നാണ് കൂടുതൽ രോഗികൾ വരുന്നതെന്ന് തോന്നിക്കുന്നത്. തെക്കൻ ജില്ലകളിലും അതുപോലെതന്നെ രോഗികൾ ഉണ്ട്. അത് നമുക്കെല്ലാപേർക്കും ബോദ്ധ്യമുള്ളതാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലും മറ്റ് ജില്ലാ കേന്ദ്രങ്ങളിലും പ്രാഥമികമായി ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പോരാത്ത കാര്യങ്ങളെക്കുറിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ ജനപ്രതിനിധികളെ പ്രത്യേകമായി വിളിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ഇനി ഒരു ചർച്ച കൂടി ഈ സമ്മേളനം കഴിഞ്ഞതിനുശേഷം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്യാൻസറിനു മാത്രമല്ല മറ്റു രോഗങ്ങൾ കൂടി ചികിത്സിക്കുന്നതിന് ആവശ്യമായ പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതാണ്.

ശ്രീ. തമ്പാനൂർ രവി : തിരുവനന്തപുരം ആർ. സി. സി.യിൽ വരുന്ന രോഗികളിൽ പാവപ്പെട്ടവർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകണ

മെന്നു പറഞ്ഞ് ഈ സഭയിലെ 97 എം.എൽ.എ.മാർ ഒപ്പിട്ട ഒരു നിവേദനം ഗവൺമെന്റിനു് നൽകിയിട്ടുണ്ട്. അങ്ങ് ഇത് കാര്യമായി പരിശോധിച്ചിട്ടില്ല. അത് ഒന്നുകൂടി പരിശോധിക്കുമോ; അതോടൊപ്പം തിരുവനന്തപുരം മെഡിക്കൽകോളേജിലെ റേഡിയോതെറാപ്പി വിഭാഗം നിർത്തലാക്കാൻ പോകുന്നുമെന്ന് ഒരു വാർത്ത പരന്നിട്ടുണ്ട്. അതിൽ എന്തെങ്കിലും വാസ്തവമുണ്ടോ; അത് തുറന്ന് പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ: അദ്ദേഹം പ്രധാനപ്പെട്ട രണ്ടു കാര്യങ്ങൾ ചോദിച്ചു. അതിൽ ആദ്യത്തെ ചോദ്യത്തിന് ഞാൻ അടക്കമുള്ള ആളുകൾ ഒപ്പിട്ടു കൊടുത്തിട്ടുള്ളതാണ്. സൗജന്യ ചികിത്സ ഇപ്പോൾ തന്നെ 60 ശതമാനം ആളുകൾക്ക് കൊടുക്കുന്നുണ്ട്. 20 ശതമാനം ആളുകൾക്ക് പകുതി നിരക്കിൽ ചികിത്സ കൊടുക്കുന്നുണ്ട്. 100 ശതമാനം ആളുകൾക്കും കൊടുക്കണമെന്നാണ് അംഗങ്ങളെല്ലാം ഒപ്പിട്ട് കൊടുത്തത്. പക്ഷേ അതിന്റെ സാമ്പത്തികവും ഭരണപരവുമായ പ്രയാസങ്ങൾ എല്ലാവരും ഒന്ന് മനസ്സിലാക്കണം.

ശ്രീ. എ. കണാരൻ : ആർ. സി. സി.യിൽ അങ്ങ് പറഞ്ഞതുപോലെ 60 ശതമാനം സൗജന്യം എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. 20 ശതമാനം തന്നെ സാമ്പത്തികമായി ശേഷിയില്ലെന്ന് പറഞ്ഞുകൊണ്ട് ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന പലരുമുണ്ട്. 60 ശതമാനം സൗജന്യം എന്ന് പറയുന്നുണ്ടെങ്കിലും അത് കൊടുക്കണമെങ്കിൽ എവിടെ കൊടുക്കണം ആരെയൊക്കെ കാണണം എന്നറിയാതെ വിഷമതയനുഭവിച്ച് ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുകയാണ്. 60 ശതമാനം എന്നു പറയുന്നതിന്റെ കണക്ക് നിയന്ത്രണത്തിന്റെ ഫലമായി പലർക്കും കിട്ടാതെ വരുന്നു. വേണ്ടത്ര പരിഗണന നൽകി വേഗത്തിൽ ചികിത്സാ സൗകര്യം ലഭിക്കുന്നില്ല. അതുകൊണ്ട് എം.എൽ.എ.മാരുടെ കത്തിനേയോ നിവേദനത്തേയോ അടിസ്ഥാനപ്പെടുത്തി അവർക്ക് പ്രത്യേകമായ പരിഗണന നൽകി എത്രയും വേഗം ചികിത്സിച്ച് അവരെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : ഇപ്പോൾ തന്നെ റേഷൻകാർഡും വരുമാന സർട്ടിഫിക്കറ്റും കൊണ്ടു വരുന്നതിന്റെയടിസ്ഥാനത്തിലാണ് കൺസഷൻ കൊടുക്കുന്നത്. എം.എൽ.എ.മാർക്ക് ശുപാർശ ചെയ്യാം. വരുമാനത്തെ സംബന്ധിച്ച് എം.എൽ.എ.മാരെക്കൊണ്ട് ഒരു സർട്ടിഫിക്കറ്റ് വാങ്ങിക്കുകയെന്നുള്ളത് ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് നിലവിലുള്ള സിസ്റ്റം തന്നെ സ്വീകരിക്കുക പോരാഞ്ഞ് വരുകയാണെങ്കിൽ ചർച്ച ചെയ്ത് മറ്റു പുതിയ നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്യാം.

ശ്രീ. പാലോട് രവി : എല്ലാ മേഖലകളിലും റേഡിയോ തെറാപ്പി വിഭാഗമുണ്ട്. റേഡിയോ തെറാപ്പി വിഭാഗത്തിൽ ചെല്ലുന്നവരെയാണ് ആർ. സി. സി. വിഭാഗത്തിൽ റഫർ ചെയ്യുന്നത്. ആർ. സി. സി. കേന്ദ്രമായി നടക്കുന്ന ഒരു ഗൂഢാലോചനയുടെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗം നിർത്തലാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഒരിക്കലും അത് ഉണ്ടാകാൻ പാടില്ല. ഈ നിവേദനത്തിൽ നമ്മൾ എല്ലാപേരും കൂടി ഒരുമിച്ച് ആവശ്യപ്പെട്ടതാണ്. ഈ റേഡിയോ തെറാപ്പി വിഭാഗം നിർത്തലാക്കരുതെന്ന് അങ്ങു കൂടി ഉൾപ്പെട്ടുപറഞ്ഞ കാര്യമാണ്. അങ്ങ് ശക്തമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : റേഡിയോ തെറാപ്പി ശസ്ത്രക്രിയ നടത്തുന്നതിന് ഒരു കാലവിളംബവും ഉണ്ടായിട്ടില്ല. അത് നിർത്തലാക്കാനുള്ള ആലോചനകളൊന്നും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തീർച്ചയായിട്ടും ഈ കാര്യത്തിൽ അങ്ങയുടെ വികാരം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ : ക്യാൻസർ ചികിത്സക്ക് ഉപയോഗിക്കുന്ന മരുന്നുകൾ വളരെ വില കൂടിയതാണ്. ചില രോഗികൾക്ക് അത് അത്യാവശ്യമാണ്. പാവപ്പെട്ട രോഗികൾ മരുന്നു വാങ്ങാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്. മറ്റു ഉപാധികളൊന്നുമില്ലാതെ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് വില കൂടിയ മരുന്ന് കിട്ടാനുള്ള സൗകര്യമുണ്ടാക്കുകയും അതോടൊപ്പം ആർ.സി.സി. യിലെ തിരക്ക് കുറയ്ക്കുന്നതിന് അവിടെ കിട്ടാവുന്ന എല്ലാ ചികിത്സയും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാഗമായുള്ള ക്യാൻസർ സെന്ററിൽ കിട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താല്പര്യം കാണിക്കുമോ?

ശ്രീ. വി.സി. കബീർ : ക്യാൻസർ ചികിത്സ ചെലവേറിയതാണെന്ന് നമുക്കെല്ലാം ബോദ്ധ്യമുണ്ട്. ഗവൺമെന്റ് ഭാഗത്തുനിന്നും 1999-ൽ 4 കോടി രൂപയോളം ചെലവു വരുന്ന ചികിത്സ സൗജന്യമായി പാവപ്പെട്ട രോഗികൾക്ക് കൊടുത്തിട്ടുണ്ട്. 38 ലക്ഷം രൂപയുടെ മരുന്ന് സൗജന്യമായി കൊടുത്തിട്ടുണ്ട്. ഇനി കുറച്ചുകൂടി സൗകര്യത്തിൽ പാവപ്പെട്ട രോഗികൾക്ക് എത്തിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിച്ച് മറുപടി പറയാം.

മി. സ്പീക്കർ : ക്യാൻസർ ചികിത്സയുടെ വലിയ ചെലവ് പരിഗണിച്ചുകൊണ്ട് അതിനുവേണ്ടി മാത്രം ഒരു ഇൻഷുറൻസ് സ്കീം കൊണ്ടുവരാൻ പാടില്ലേ?

ശ്രീ. വി.സി. കബീർ : ഇത് വളരെ സ്വാഗതാർഹവും പരിഗണിക്കാവുന്നതുമായ ഒരു വിഷയമാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ആർ.സി.സി.യിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് താൽപര്യമുള്ള ഡോക്ടർമാരെക്കൊണ്ടു തന്നെ പരിശോധിപ്പിക്കണം എന്നുണ്ടെങ്കിൽ അതിന് പ്രത്യേക ഫീസ് ഈടാക്കേണ്ട ഒരു സാഹചര്യം നിലവിൽ വന്നപ്പോൾ അതിനെതിരായി VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിൽ ശ്രീ. എം. മുരളി നേതൃത്വം നൽകി ഒരു അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അനന്തര നടപടികൾ എന്തായെന്ന് ഗവൺമെന്റിന് അറിയുമോ? ഒന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ തക്കതായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : അങ്ങനെ നിർദ്ദേശങ്ങളൊക്കെയുണ്ട്. എല്ലാ പേർക്കും താല്പര്യമുള്ള ഒരു കാര്യമാണ്. 'ഒ' കാറ്റഗറിയിൽ 20 ശതമാനം രോഗികളിൽ നിന്നും എല്ലാ വിധത്തിലുള്ള ഫീസും ഈടാക്കുന്നുണ്ട്. 'എം' വിഭാഗത്തിൽനിന്നും പകുതി നിരക്കാണ് ഈടാക്കുന്നത്. 'എഫ്' വിഭാഗത്തിൽ 50 ശതമാനം മുതൽ 60 ശതമാനംവരെ ഫീസ് ഈടാക്കുന്നു. അവരെ കിടത്തി ചികിത്സിക്കുന്നുമുണ്ട്. ശസ്ത്രക്രിയയെല്ലാം സൗജന്യമാണ്. അവരിൽ നിന്നും ഒറ്റ പൈസ പോലും ഈടാക്കുന്നില്ല. പിന്നെ പ്രത്യേക ഡോക്ടർമാരെ കണ്ട് ചികിത്സിക്കണം എന്ന് ആവശ്യമുള്ളവർക്ക് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. അത് പുനഃപരിശോധിക്കുന്ന ഒരു സാഹചര്യവും ഉണ്ടായിട്ടില്ല. അതിന്റെ രജിസ്ട്രേഷൻ ഫീസ് 300 രൂപയാണ്. രണ്ടാഴ്ചത്തേക്കുള്ള പരിശോധനക്ക് ഈ തുക മതിയാകും. പിന്നെ ആഴ്ചയിലൊരിക്കൽ 100 രൂപ വീതം കൊടുക്കണം. സാമ്പത്തിക സൗകര്യമുള്ളവർ 100 രൂപ കൊടുക്കുന്നത് ബുദ്ധിമുട്ടുണ്ടോയെന്നു ആലോചിക്കണം.

ശ്രീ. പി. രാജു : തിരുവനന്തപുരം ആർ.സി.സി. യിലെ രോഗികളുടെ എണ്ണത്തിന്റെ വർദ്ധനവനുസരിച്ച് രോഗികളെ ചികിത്സിക്കുന്നതിനുള്ള യൂണിറ്റ് സംവിധാനം ഇന്ന് വളരെ പരിമിതമാണ്. ഒരു ദിവസം രണ്ട് യൂണി

LIBRARY ARCHIVES Kerala Legislative Assembly

റ്റാണ് വർക്ക് ചെയ്യുന്നത്. അതിന്റെ ഫലമായി ചികിത്സക്കുവേണ്ടി എത്തുന്ന രോഗികൾക്ക് രാവിലെ വന്നാൽ വൈകുന്നേരംവരെ നിന്നാലാണ് ഡോക്ടർമാരെ കണ്ട് യൂണിറ്റുകളിൽ പോയി പരിശോധന നടത്തി പോകാൻ കഴിയുന്നത്. അതുകൊണ്ട് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണം. പത്രങ്ങളിൽ വന്ന ഒരു വാർത്തയുണ്ട്. ആർ.സി.സി.യിൽ ആയുർവേദ ചികിത്സയ്ക്കുവേണ്ടി ആന്ധ്രായിൽ നിന്നും ഒരു വിദഗ്ദ്ധൻ എല്ലാ മാസവും രണ്ടു ദിവസം വരുന്നുണ്ടെന്ന്. പ്രായോഗികമായി ഇത് ഫലവത്താണെങ്കിൽ അത് കുറച്ചുകൂടി വിപുലീകരിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ആരായുമോ?

<u>ശ്രീ. വി.സി. കബീർ</u> : ആയുർവേദം, ഹോമിയോ വിഭാഗങ്ങളിൽ കൂടി ക്യാൻസർ ചികിത്സാ രംഗത്ത് ചില പരീക്ഷണങ്ങൾ കടന്നുവരാൻ ശ്രമിക്കുന്നുണ്ട്. ചില പരീക്ഷണങ്ങൾ ഇതിനകം നടത്തിയിട്ടുമുണ്ട്. ഇപ്പോൾ ആയുർവേദ സമ്പ്രദായം ക്യാൻസർ ചികിത്സാ രംഗത്ത് പ്രയോഗിക്കപ്പെടുന്നുണ്ട്. അതിന്റെ ഗുണഫലങ്ങൾ കിട്ടിത്തുടങ്ങിയിട്ടുണ്ട്. ഇത് വ്യാപകമാക്കാമോയെന്ന കാര്യം ചർച്ച ചെയ്യാവുന്നതാണ്.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : കുട്ടികളിലും സ്ത്രീകളിലും ഉൾപ്പെടെ കേരളത്തിൽ ക്യാൻസർ രോഗം വർദ്ധിച്ചു വരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതിനുള്ള കാരണങ്ങൾ എന്താണെന്ന് പരിശോധിക്കാനും പ്രതിവിധി കണ്ടെത്തുന്നതിനുമുള്ള ഏർപ്പാടുകൾ ചെയ്യുമോ?

<u>ശ്രീ. വി.സി. കബീർ</u> : മുൻകാലങ്ങളിൽ കുട്ടികളിൽ ക്യാൻസർ രോഗം കണ്ടിരുന്നില്ല. പ്രത്യേകമായ ചില കാരണങ്ങളാൽ കുട്ടികളിൽ ക്യാൻസർ രോഗം കണ്ടു വരുന്നുവെന്നുള്ളത് വളരെ ഭയാശങ്കയോടുകൂടിയാണ് നോക്കിക്കാണുന്നത്. ഇത് ലോകത്ത് എല്ലായിടത്തും ഉള്ളതാണ്. കേരളത്തിലും ഇപ്പോൾ വന്നു ഭവിച്ചിരിക്കുന്നു. സ്ത്രീകളിലുള്ള ചില പ്രത്യേകമായ ക്യാൻസറിനെ സംബന്ധിച്ച് പ്രതിവിധിയൊന്നും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ പരീക്ഷണങ്ങളിലൂടെ വെളിപ്പെടുത്തി വരുന്ന കാര്യമാണ്. ഗവൺമെന്റിനു മാത്രമായി ഇതിൽ ഒന്നും ചെയ്യാൻ കഴിയുകയില്ല. ശാസ്ത്രീയമായ റിസർച്ച് നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. കാലക്രമേണ ഇതിന് പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : ആർ.സി.സി. സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ സ്ഥാപനത്തിലെ നിയമനങ്ങൾ അവർ തന്നെ സ്വയം നടത്തുകയാണ്. നിയമനത്തിന്റെ കാര്യത്തിൽ ഗവൺമെന്റിന് വല്ല നിയന്ത്രണവുമുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. വി.സി. കബീർ</u> : ഇത് ഒരു സ്വയംഭരണ സ്ഥാപനമാണ് അവരുടെ നിയമനങ്ങളിൽ ഗവൺമെന്റ് കൈകടത്താറില്ല. മുമ്പും നടത്തിയിട്ടില്ല. വളരെ നിഷ്പക്ഷമായിട്ട് നിയമനം നടത്തുതെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത് എന്താണെന്ന് മനസ്സിലായില്ല. അതിനെ സംബന്ധിച്ച് പ്രത്യേകം നോട്ടീസ് തന്നാൽ അന്വേഷിക്കാം.

<u>ശ്രീ. കെ. അച്ചുതൻ</u> : ക്യാൻസറിനെ സംബന്ധിച്ചല്ലെങ്കിലും വളരെ ഗൗരവമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ജില്ലാ ആശുപത്രികളിൽ സി.ടി. സ്കാൻ സംവിധാനം ഇല്ലാത്തതുകൊണ്ട് വരുന്ന ബുദ്ധിമുട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. ഇന്നലെ കാലത്ത് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഒരു അടിപിടി കേസുമായി ബന്ധപ്പെട്ട് ജില്ലാ ആശുപത്രിയിൽ പോയിരുന്നു. അതിൽ രണ്ടുപേരുടെ നില ഗുരുതരമായതുകൊണ്ട് സ്കാൻ എടുക്കണമെന്ന് ഡോക്ടർ എഴുതിക്കൊടുത്തു. രണ്ടും കർഷകത്തൊഴിലാളികളാണ്. അവർ വെങ്കിടേശ ആശുപത്രിയിൽ പോയി, അവിടെ മൂവായിരം രൂപ കെട്ടിവെയ്ക്കണമെന്ന് പറഞ്ഞു. രണ്ടുപേർക്കും അത് കഴിയാത്തതുകൊണ്ട് വന്ന ബുദ്ധിമുട്ട് പല ആളുകളിൽ നിന്നും പിരിച്ചെടുത്തിട്ടാണ് സ്കാൻ എടുക്കാനുള്ള സംവിധാനം ഉണ്ടായത്. അതുകൊണ്ട് ജില്ലാ ആശുപത്രികളിൽ അടിയന്തിരമായി സ്കാൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : ചെലവേറിയ ഒരു സമ്പ്രദായത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. വളരെ കാര്യമായ ആലോചനയ്ക്കു ശേഷമേ മറുപടി പറയാൻ കഴിയുകയുള്ളൂ.

ശ്രീ. ടി.കെ. ബാലൻ : വടക്കേ മലബാറിൽ ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി മലബാർ ക്യാൻസർ കെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പല പഞ്ചായത്തുകളിലും ക്യാൻസർ ബാധ ഉണ്ടായിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് പ്രഥമികമായ സർവ്വേ നടത്തുന്നുണ്ട്. ഇപ്പോൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായിത്തന്നെ ഗ്രാമ പഞ്ചായത്തുകളിൽ ഇത്തരത്തിലുള്ള നിരവധി സ്കീമുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സ്തുത്യർഹമായരീതിയിൽ സേവനമനുഷ്ഠിക്കുന്ന ആർ.സി.സി.യിലെ ഡോക്ടർമാരുടെ ടീമാണ് ഇത് നടത്തുന്നത്. ഇതിന്റെ എണ്ണം വളരെ അപര്യാപ്തമാണ്. അതുകൊണ്ട് ഈ സ്കീം വിജയിപ്പിക്കാൻ ആർ.സി.സി.യിൽ നിന്ന് കൂടുതൽ ഡോക്ടർമാരെയും, വിദഗ്ദ്ധരെയും ഗ്രാമപ്രദേശങ്ങളിലേക്ക് ഡെപ്യൂട്ട് ചെയ്യുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വി.സി. കബീർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നല്ലൊരു നിർദ്ദേശമാണ്. ഈ ബുദ്ധിമുട്ടുകൾ എല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. തീർച്ചയായും ഗ്രാമ പ്രദേശങ്ങളിൽ ജനകീയാസൂത്രണ പദ്ധതി അനുസരിച്ച് നടത്തുന്ന നിരീക്ഷണ ക്യാമ്പുകളിലേക്ക് ആർ.സി.സി.യിൽ നിന്ന് ഡോക്ടർമാരുടെ ഒരു ടീമിനെക്കൂടി അയക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

പി.എസ്.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

2 (*152)ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം നടപടികളുടെ ഫലമായി പി.എസ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - 1

28.2.2000-ത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*151) ന്റെ ഉത്തരം കാണുക.

റീജിയണൽ കാൻസർ സെന്റർ-ഫീസ് നിരക്കുകൾ

റീജിയണൽ ക്യാൻസർ സെന്ററിലെത്തുന്ന രോഗികളെ അവരുടെ സാമ്പത്തിക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ നാലായി തരം തിരിച്ചിട്ടുണ്ട്. O,M, F,FF എന്നിവയാണ് ആ വിഭാഗങ്ങൾ.

'O': സാധാരണ നിരക്കിലുള്ള തുക ഈ വിഭാഗത്തിലുള്ള രോഗികളിൽ നിന്നും ഈടാക്കുന്നു. (O stands for ordinary) ഏകദേശം 20 % ത്തോളം രോഗികൾ ഈ വിഭാഗത്തിൽപ്പെടുന്നു.

'M': സൗജന്യ നിരക്കിലുള്ള ചികിത്സയാണ് ഈ വിഭാഗത്തിന് ലഭിക്കുന്നത്. വിഭാഗത്തിന്റെ ഏകദേശം പകുതി നിരക്കിലുള്ള തുകയാണ് ഇവർ ആശുപത്രിയിൽ അടയ്ക്കേണ്ടത്. 20% രോഗികൾ ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. (M stands for Minimum)

'F': 50 മുതൽ 60 ശതമാനംവരെ രോഗികൾ ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവർക്ക് റേഡിയേഷൻ ശസ്ത്രക്രിയ, കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ, രോഗനിർണ്ണയ പരിശോധനകൾ എന്നിവ പൂർണ്ണമായും സൗജന്യമാണ്. നിർധനവിഭാഗത്തിൽപ്പെട്ട രോഗികളെയാണ് F ൽ ഉൾപ്പെടുത്തുന്നത്. (F stands for Free)

'FF': എല്ലാ ചികിത്സകളും ഔഷധങ്ങളും പരിപൂർണ്ണ സൗജന്യമായി ലഭിക്കുന്ന വിഭാഗമാണിത്. ഏകദേശം 5 ശതമാനത്തോളം രോഗികളെ ഈ വിഭാഗത്തിൽ പ്പെടുത്തിയിട്ടുണ്ട്.

ഇതു കൂടാതെ 'P' എന്നൊരു വിഭാഗമുണ്ട്. പേ ക്ലീനിക് സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത രോഗികളാണ് ഇവർ. ഇഷ്ടമുള്ള ഡോക്ടറെ പ്രത്യേകമായി കാണാനുള്ള സംവിധാനമാണിത്. ഈ സൗകര്യം ഉപയോഗപ്പെടുത്തുന്ന രോഗികൾ 'O'വിഭാഗത്തിലുള്ള രോഗികളേക്കാൾ 25% കൂടുതൽ തുക ചികിൽസയ്ക്കും, രോഗ നിർണ്ണയ പരിശോധനകൾക്കും, പേവാർഡിനുമൊക്കെ അടയ്ക്കേണ്ടതുണ്ട്. പേ ക്ലീനിക്കൽ ഡോക്ടറെ കാണുന്നതിന് ആദ്യമായി വരുന്നവർക്ക് 300 രൂപ രജിസ്ട്രേഷൻ ഫീസും ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ടാഴ്ചത്തേയ്ക്കുള്ള പരിശോധനയ്ക്ക് ഈ തുക മതിയാകും. പിന്നീട് ആഴ്ചയിലൊരിക്കൽ 100 രൂപ വീതം കൺസൾട്ടേഷൻ നൽകണം. പേ ക്ലീനിക് രോഗികൾ നൽകുന്ന ഈ കൺസൾട്ടേഷൻ ഫീസിൽ നിന്നും ഡോക്ടർമാർക്ക് യാതൊരു വിഹിതവും ലഭിക്കുന്നതല്ല. ഈ തുക ആർ. സി.സി യുടെ പൊതുവായ ഫണ്ടിലേക്ക് പോവുക. ദിവസേന മൂന്നോ നാലോ രോഗികൾ മാത്രമാണ് 'P'ക്ലീനിക്കിൽ രജിസ്റ്റർ ചെയ്യുന്നത്.

ആർ.സി.സി. യിലെ പേയ്മെന്റു വിഭാഗങ്ങളായ 'P' 'O' എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികളിൽ നിന്നും ഈടാക്കുന്ന ഫീസ് ഇത്തരം ചികിത്സാ പരിശോധനകൾക്ക് ചില സ്വകാര്യ സ്ഥാപനങ്ങൾ ഈടാക്കുന്ന ഫീസുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം തുച്ഛമാണ്. കേവലം 20 ശതമാനത്തോളം രോഗികളിൽ നിന്നു മാത്രമാണ് ഇത്രയുമെങ്കിലും ഫീസ് ഈടാക്കുന്നതെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 60 ശതമാനത്തോളം രോഗികൾക്ക് സൗജന്യ ചികിത്സ നൽകാൻ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ആർ.സി.സി. ശ്രമിക്കുന്നുണ്ട്.

ഒ.പി. ടിക്കറ്റ്, രജിസ്ട്രേഷൻ കാർഡ്, കേസ്ഷീറ്റ്, സന്ദർശനപാസ്സുകൾ എന്നിവയ്ക്ക് ആർ.സി.സി യാതൊരു വിധത്തിലുള്ള ഫീസും ഈടാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly